(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഫാക്ടറികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ 16894-ഉം സഹകരണ മേഖലയിൽ 472-ഉം പൊതുമേഖലയിൽ 323-ഉം ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾ

95 [1274] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

„ പി. ടി. തോമസ്:

„ ടി. എൻ. പ്രതാപൻ:

„ പ്രയാർ ഗോപാലകൃഷ്ണൻ:

„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ആകെ എത്ര തൊഴിലാളികൾ പണിയെടുക്കുന്നു;

(ബി) ഇവരുടെ ശമ്പളം, അലവൻസ് എന്നീ ഇനങ്ങളിൽ പ്രതിമാസം എത്ര തുക വേണ്ടിവരുന്നു;

(സി) 2004 മാർച്ച് 31-ന് അവസാനിക്കുന്ന മാസത്തിൽ ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള വിറ്റുവരവെത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഉത്തരം അനുബന്ധം ഒന്നിൽ കൊടുത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളുടെ 2003-2004-ലെ ഓഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരമുള്ള വിറ്റുവരവിന്റെ വിവരം അനുബന്ധം രണ്ടിൽ † കൊടുത്തിരിക്കുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ യന്ത്രങ്ങളുടെ ആധുനികവൽക്കരണം

96 [1275] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. എ. പി. അനിൽകുമാർ:

,, കെ. മോഹൻകുമാർ:

,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ യന്ത്രങ്ങൾ പൊതുവെ എത്ര വർഷത്തെ പഴക്കമുള്ളവയാണ്;

(ബി) അവ ആധുനികവല്ക്കരിച്ചിട്ടുണ്ടോ;

(സി) ഈ യന്ത്രങ്ങൾ ആധുനികവല്ക്കരിക്കുന്ന പക്ഷം പ്രസ്തുത സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിപ്പിക്കുവാൻ കഴിയുമോ;

(ഡി) ഇവ ആധുനികവല്ക്കരിക്കുന്നതിന് എന്തു തുക ചെലവു വരും?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥാപിത വർഷത്തിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിൽ ആധുനിക വല്ക്കരണം നടത്തിയിട്ടുണ്ട്.

(സി ആന്റ് ഡി) ഈ വിഷയത്തെക്കുറിച്ച് വിശദവും സമഗ്രവുമായ പഠനം നടത്തിയാലേ ഇക്കാര്യം വെളിപ്പെടുകയുള്ളൂ.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly